കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-9/69/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ് ജില്ല

തീയതി.03.01.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി

ഡയറക്ടർ

സംസ്ഥാന

ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-9/69/2017

തിയ്യതി:03.01.2017

## കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-09-2015 മുതൽ 30-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 15.12.2016 മുതൽ 23.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ധനജയൻ.റ്റി.എസ് | ഓഡിറ്റ് ഓഫീസർ. |
| | വിനോദ്കുമാർ.വി | അസി.ഓഡിറ്റ്ഓഫീസർ. |
| | രഘുനാഥൻ.കെ | അസി.ഓഡിറ്റ്ഓഫീസർ. |
| | സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കാർത്ത്യായനി.സി. | 01.04.2015മുതൽ.31.10.2015വരെ |
| | ശ്രീ.മാധവൻ മണിയറ. | 19.11.2015.മുതൽ.31.03.2016വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.മോഹൻദാസ്.കെ. | 01.04.2015 മുതൽ 16.04.2015വരെ<br>01.05.2015 മുതൽ 08.05.2015വരെ<br>06.07.2015 മുതൽ 10.01.2016വരെ |
| | പ്രേമകുമാർ.കെ (അസി.സെക്രട്ടറി) | 17.04.2015 മുതൽ 30.04.2015വരെ<br>09.05.2015 മുതൽ 05.07.2015വരെ<br>11.01.2016 മുതൽ 31.03.2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | പ്രേമകുമാർ.കെ | 01.04.2015മുതൽ 31.03.2016വരെ |
| അസി.എഞ്ചിനിയർ. | അനുസൂര്യ.എം | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ. | ജലേഷൻ.പി.വി | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സതീദേവി.എൻ.<br>പങ്കജാക്ഷി.കെ.<br>ശോഭ.<br>ഷാരി.എം | 01.04.2015മുതൽ 05.08.2015വരെ<br>6.08.2015 മുതൽ 31.12.2015വരെ<br>01.01.2016മുതൽ 12.01.2016വരെ<br>13.01.2016മുതൽ 31.03.2016വരെ |
| വി.ഇ.ഒ. | ഷജിൻ.കെ.വി.<br>സുരേഷ്ബാബു.എം | 01.04.2015മുതൽ 31.03.2016വരെ<br>01.04.2015മുതൽ 31.03.2016വരെ |
| ഹെഡ്മാസ്റ്റർ. | രാജേന്ദ്രൻ.പി.വി. | 01.04.2015മുതൽ 31.03.2016വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ആഷ.പി | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽഓഫീസർ, ആയ്യുർവേദം | ഡോ.എം.പി.പൂർണ്ണിമ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽഓഫീസർ, അലോപ്പതി | ഡോ.സിയാദ്.ഇ. | 01.04.2015മുതൽ 31.03.2016വരെ |
| എസ്.ഐ.ഫിഷറീസ് | രാഘവൻ.കെ | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 - ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | രശീതി പരിശോധന- അപാകതകൾ | 2-1 | |
| 2 | തൊഴിൽ നികുതി- അപാകതകൾ | 2-2 | |
| 3 | ഷോപ്പിംഗ് കോംപ്ലക്സ്- വാർഷിക വാടക വർദ്ധനവ് വരുത്തിയിട്ടില്ല | 2-3 | |
| 4 | പാട്ടക്കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-4 | |
| ഭാഗം 3-ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | മുട്ടക്കോഴി വിതരണം- അപാകതകൾ | 3-1 | |
| 2 | പച്ചക്കറി വിത്തുകൾ വിതരണം നടത്താൻ ബാക്കി | 3-2 | |
| 3 | പി എച്ച് സി യിലേക്ക് മരുന്ന്- അപാകതകൾ | 3-3 | |
| 4 | നെൽക്കൃഷി വികസനം- അപാകതകൾ | 3-4 | |
| 5 | വാർഡുകളിലെ ശുചിത്വ പദ്ധതി- അപാകതകൾ | 3-5 | |
| 6 | മഴക്കാല പൂർവ ശുചീകരണം- അപാകതകൾ | 3-6 | |
| 7 | മുൻകൂർ യാത്രാബത്ത- ക്രമീകരിച്ചിട്ടില്ല | 3-7 | |
| 8 | കർട്ടൻ സ്ഥാപിച്ചതിൽ അപാകതകൾ | 3-8 | |
| 9 | മീഡിയാശ്രീ പദ്ധതി- ഡോക്യുമെന്ററി ഹാജരാക്കിയിട്ടില്ല | 3-9 | |
| 10 | കസേര വാങ്ങിയതിലെ അപാകതകൾ | 3-10 | |
| 11 | ഫർണിച്ചർ, ഫോട്ടോകോപ്പിയർ വാങ്ങിയതിൽ അപാകതകൾ | 3-11 | |
| 12 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ | 3-12 | |

| | | | |
|---|---|---|---|
| | പദ്ധതികളിലെ അപാതകതകൾ | | |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |

അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| |
|---|
| 2015-16 ലെ ബഡ്ജറ്റ് പാസ്സാക്കിയ തിയ്യതി, നമ്പർ |
| നം.29/2015, തിയ്യതി - 18.03.2015 |

## 1-2 വാർഷികധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|---|
| 2015-16 | 31.07.2016 | 31.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ

**വിവരം.**

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുൻബാക്കി | 2,10,35,870.00 |
| വരവ് | 8,19,89,365.00 |
| ആകെ | 10,30,25,235.00 |
| ചെലവ് | 9,27,09,020.00 |
| നീക്കിയിരിപ്പ് | 1,03,16,215.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ്(RP40 പ്രകാരം) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (Gen) | 12,47,758 | 40,23,183 | 42,78,649 | 95,49,590 | 95,32,725 | 16,865 | 0 |
| വികസനഫണ്ട് (SCP) | 11,44,893 | 12,62,685 | - | 24,07,578 | 14,18,961 | 9,88,617 | 0 |
| വികസനഫണ്ട് (TSP) | - | - | - | - | - | - | - |
| ധനകാര്യ കമ്മീഷൻ അവാർഡ് | 26,47,568 | 56,43,400 | - | 82,90,968 | 56,55,510 | 26,35,458 | 0 |
| ലോകബാങ്ക് സഹായം | 31,66,493 | 6,39,999 | - | 38,06,492 | 31,51,918 | 6,54,574 | 0 |
| സംരക്ഷണ ഗ്രാന്റ്(Road) | 2,32,502 | 21,13,021 | - | 23,45,523 | 26,00,914 | - | (-)2,55,391 |
| സംരക്ഷണ ഗ്രാന്റ്(Non-Road) | 10,27,070 | 29,76,405 | - | 40,03,475 | 37,48,084 | - | (+)2,55,391 |
| MGNREGA | 49,156 | 1,55,24,462 | - | 1,55,73,618 | 1,55,67,270 | - | 6,348 |
| ബി-ഫണ്ട് | - | 2,76,43,754 | | 2,76,43,754 | 2,76,43,754 | - | - |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 166 | 143 | 3 | 20 | 86% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | തുക | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 15,09,700 | 13,25,245 | 88% |
| വെറ്റിനറി സർജ്ജൻ | 5 | 3 | 10,18,000 | 6,56,177 | 64% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 2 | 2 | 6,00,000 | 5,18,400 | 86% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)) | 4 | 4 | 5,80,704 | 5,80,227 | 99.9% |
| സബ്ബ് ഇൻ സ്പെക്ടർ -ഫിഷറീസ് | 2 | 2 | 1,24,000 | 1,23,700 | 99.7% |
| വി.ഇ.ഒ | 11 | 9 | 46,89,000 | 35,47,296 | 75.6% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 32,49,400 | 25,60,583 | 78.8% |
| അസി. എഞ്ചിനീയർ LSGD | 95 | 87 | 3,18,86,455 | 2,13,09,678 | 66.8% |
| ഹെഡ്മാസ്റ്റർ | 6 | 4 | 11,25,700 | 10,02,600 | 89% |
| സെക്രട്ടറി | 23 | 16 | 36,18,904 | 27,56,773 | 76% |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 13,75,000 | 4,89,500 | 35.6% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 55,48,083 | 46,98,02 | 8,50,011 | 15%(-) |
| നികുതിയേതര വരവുകൾ | 39,93,055 | 39,50,048 | 43,007 | 1%(-) |
| മറ്റ് വരവുകൾ/ ബാങ്ക് പലിശ | 1,26,411 | 1,16,208 | 10,203 | 8%(-) |
| ആകെ | 96,67,549 | 87,64,328 | 9,03,221 | |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി - നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 വർഷം ലഭിച്ച | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാരമാർഗ്ഗം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അപേക്ഷകൾ | | | |
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 25 | 25 | 8 | |
| 2 | തൊഴിൽ രഹിത വേതനം | 36 | 36 | 5 | |
| 3 | വിധവാ പെൻഷൻ | 50 | 50 | 5 | |
| 4 | വികലാംഗ പെൻഷൻ | 23 | 23 | 9 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | - | |
| 6 | വാർദ്ധക്യകാല പെൻഷൻ | 388 | 388 | 101 | |
| 7 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 15 | 15 | - | |

| ക്രമ നം. | പദ്ധതി | 2015-16 വർഷം ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 35,43,150 | 512 |
| 2 | തൊഴിൽ രഹിത വേതനം | 4,86,600 | 390 |
| 3 | വിധവാ പെൻഷൻ | 1,19,98,200 | 1,208 |
| 4 | വികലാംഗ പെൻഷൻ | 28,14,520 | 316 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,60,920 | 62 |
| 6 | വാർദ്ധക്യകാല പെൻഷൻ | 76,99,770 | 1,498 |
| 7 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 4,50,000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2016 ന് 1.30 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 1361/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 07.12.2016 | 2016 ഒക്ടോബർ,നവമ്പർ | 07.12.2016 | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | - | - | - |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധന - അപാകത

I. ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെ നികുതി പിരിവ് നടത്തിയ ചില രശീതികളുടെ വിവരം താഴെക്കൊടുക്കുന്നു.

| രശീതി നം & തീയ്യതി | ഇനം | നികുതി പിരിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കുറിപ്പ് |
|---|---|---|---|
| 26127/01-100 തീ.12.02.2016 | ഉണഭോക്തൃ വിഹിതം | വെറ്ററിനറി സർജൻ | |
| 28271/1-100 തീ.20.02.2016 | ഉണഭോക്തൃ വിഹിതം | വെറ്റിനറി സർജൻ | പ്രസ്തുത രശീതി ബുക്കിനു സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ടും രേഖപ്പെടുത്തിയിട്ടില്ല |
| 28272/1-100 തീ.20.02.2016 | ഉണഭോക്തൃ വിഹിതം | വെറ്റിനറി സർജൻ | പ്രസ്തുത രശീതി ബുക്കിനു സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ടും രേഖപ്പെടുത്തിയിട്ടില്ല |
| 28274/1-100 തീ.04.03.2016 | ഉണഭോക്തൃ വിഹിതം | വെറ്റിനറി സർജൻ | |
| 28275/1-48 തീ.04.03.2016 | ഉണഭോക്തൃ വിഹിതം | വെറ്റിനറി സർജൻ | |
| 26122/01-09 തീ.05.02.2016 | കെട്ടിട നികുതി | രതി. കെ. വി, ക്ലർക്ക് | |
| 26122/10-40 തീ.11.02.2016 | കെട്ടിട നികുതി | രതി. കെ.വി, ക്ലർക്ക് | |
| 26109/01-44 തീ.29.01.2016 | കെട്ടിട നികുതി | രതി. കെ.വി, ക്ലർക്ക് | |

| | | | |
|---|---|---|---|
| 26109/45-82 തീ.01.02.2016 | കെട്ടിട നികുതി | രതി. കെ.വി, ക്ലർക്ക് | |
| 26109/83-100 തീ.05.02.2016 | കെട്ടിട നികുതി | രതി.കെ.വി, ക്ലർക്ക് | |
| 26112/01 തീ.22.09.2015 | ടെണ്ടർ ഫോം വില | വി. ഇ. ഒ. | |
| 26112/02-09 തീ.21.12.2015 | ഗുണഭോക്തൃ വിഹിതം | വി. ഇ. ഒ. | |
| 26112/10-20 തീ.22.12.2015 | ഗുണഭോക്തൃ വിഹിതം | വി .ഇ. ഒ. | |
| 26112/21-37 തീ.23.12.2015 | ഗുണഭോക്തൃ വിഹിതം | വി. ഇ. ഒ. | |
| 26112/38 തീ.26.12.2015 | ഗുണഭോക്തൃ വിഹിതം | വി. ഇ. ഒ. | |

ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാത്തതിനാൽ നികുതി ദായകന് നൽകിയ പകർപ്പിൽ രേഖപ്പെടുത്തിയ തുക എത്രയാണെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ഭാവിയിൽ മേൽ വിഷയം അർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്.

II. ഒരു താള് പോലും ഉപയോഗിക്കാത്ത രശീതി ബുക്ക് റദ്ദാക്കി

11.02.2016 ന് നികുതി പിരിവിനായി എൽ.ഡി. ക്ലർക്കായ ശ്രീമതി രതി. കെ. എന്നവർക്ക് നൽകിയ രശീതി ബുക്ക് (നം.28269) 2015-16 സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ മുഴുവൻ പേജുകളും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ റദ്ദാക്കിയിട്ടുണ്ട്. എന്നാൽ മേൽ രശീതി ബുക്ക് തിരിച്ചു നൽകി ആയത് സ്റ്റോക്കിലെടുത്ത് 2016-17 സാമ്പത്തിക വർഷത്തിൽ നികുതി പിരിവിനായി ഉപയോഗിക്കുകയായിരുന്നു വേണ്ടിയിരുന്നത്. ഒരു താളും ഉപയോഗിക്കാത്ത രശീതി ബുക്കുകൾ ഇത്തരത്തിൽ ഉപയോഗ ശൂന്യമാക്കാതെ നികുതി പിരിവിനായി ഉപയോഗിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - അപാകത

തൊഴിൽ നികുതി വരവ് പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. 2015-16 വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3)

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ആകെ അർദ്ധ വർഷ വരുമാനം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രശീത് നം. |
|---|---|---|---|---|---|---|---|
| 1 | റാണി.സി.ആർ, ബി.പി.എം | പോസ്റ്റ്ഓഫീസ്,അച്ചാംതുരുത്തി | 45,876 (ആദ്യ അർദ്ധ വർഷം) | 450 | 300 | 150 | റ നം. 11503102363 തീ. 30.09.2015 |
| 2 | മുംതാസ് അൻസൂർ , ഡോക്ടർ | സ്മൈൽ ലൈൻ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, ചെറുവത്തൂർ | 45,000 (രണ്ടാം അർദ്ധ വർഷം) | 450 | 300 | 150 | റ.നം. 11503104838 തീ. 11.02.2016 |
| | | | ആകെ | | | 300 | |

II. a)പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി അവരുടെ ശമ്പളത്തിൽ നിന്നും കുറവു വരുത്തി ഈടാക്കുകയാണ് ചെയ്തിട്ടുള്ളത് (വൗച്ചർ നം.21500460/19.08.2015). എന്നാൽ അക്വിറ്റൻസ് റജിസ്റ്റർ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരുടെ ആകെ അർദ്ധ വർഷ വരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ ഈടാക്കിയ നികുതിയിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ജീവനക്കാരന്റെ പേരും തസ്തികയും | ആകെ അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | കുറിപ്പ് |
|---|---|---|---|---|---|
| ലൈജ.പി.ക്ലർക്ക് | 04/2015 – 09/2015 – 1,20,490<br>ആർജിതാവധി സറണ്ടർ- 19,600<br>ഉൽസവ ബത്ത -2,400<br>ആകെ - 1,42,490 | 1,250 | 750 | 500 | |
| ലസിത.വി.വി.<br>ക്ലർക്ക് | 04/2015 – 09/2015 – 1,13,534<br>ആർജിതാവധി സറണ്ടർ- 14,282<br>ബോണസ്- 3,500<br>ആകെ - 1,31,316 | 1,250 | 750 | 500 | |
| സിനി.കെ.ക്ലർക്ക് | 04/2015 – 09/2015 – 1,09,630<br>ആർജിതാവധി സറണ്ടർ- 21,706<br>ഉൽസവ ബത്ത -2,400<br>ആകെ - 1,33,736 | 1250 | 1000 | 250 | 31.08.2015 ന പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തു. |
| രതി.കെ.വി.ക്ലർക്ക് | 06/2015 – 09/2015 – 64,396<br>ഉൽസവ ബത്ത -2,400<br>ആകെ - 66,796 | 17.06.2015 ന ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച പ്രസ്തുത ക്ലർക്ക് 750/- രൂപയാണ് നികുതിയിനത്തിൽ അടവാക്കിയിട്ടുള്ളത്.മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും 01.04.2015 മുതൽ 16.06.2015 വരെ കൈപ്പറ്റിയ ശമ്പള വിവരം ഉൾപ്പെടുത്താത്തതിനാൽ ആകെ അർദ്ധവർഷ വരുമാനത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ | | | | |

| | | | | | |
|---|---|---|---|---|---|
| | | സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ക്ലർക്കിന്റെ ആകെ അർദ്ധവർഷ വരുമാനം കണക്കാക്കി അതിന ആനപാതികമായി നികുതി ഈടാക്കേണ്ടതാണ്. | | | |
| സുനിൽകുമാർ,എം,<br>ഓഫീസ് അറ്റന്റന്റ് | 04/2015 – 09/2015 – 1,06,705<br>ആർജിതാവധി സറണ്ടർ- 17,692<br>ബോണസ്- 3,500<br>ആകെ - 1,27,897 | 1,000 | 750 | 250 | വീട്ടു വാടക ബത്ത ഒഴിവാക്കിയും ബോണസ് തുക രണ്ട് അർദ്ധ വർഷത്തക്കും തുല്യമായും കണക്കാക്കിയാൽ ആകെ അർദ്ധ വർഷ വരുമാനം 1,24,647 രൂപയാണ്. |
| സുനിത.പി.പി,<br>ഓഫീസ് അറ്റന്റന്റ് | 04/2015 – 09/2015 – 96,282<br>ആർജിതാവധി സറണ്ടർ- 12,771<br>ബോണസ്- 3,500<br>ആകെ - 1,12,553 | 1,000 | 750 | 250 | |
| വൽസല,FTS(Grl) | 04/2015 – 09/2015 – 1,09,419<br>ആർജിതാവധി സറണ്ടർ- 18,142<br>ബോണസ്- 3,500<br>ആകെ - 1,31,061 | 1250 | 750 | 500 | |
| | ആകെ കുറവ് | | | 2,250/- | |

b) വൗച്ചർ നം- 21501177/28.03.2016,രൂപ. 3100/-

രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയിനത്തിൽ അധികം അടവാക്കിയ തുക മേൽ വൗച്ചർ പ്രകാരം പഞ്ചായത്ത് ജീവനക്കാർക്ക് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് റജിസ്റ്റർ പരിശാധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരുടെ ആകെ അർദ്ധ വർഷ വരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ ഈടാക്കിയ നികുതിയിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ജീവനക്കാരന്റെ പേരും തസ്തികയും | ആകെ അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | കുറിപ്പ് |
|---|---|---|---|---|---|
| ലൈജ പി , | 1,32,094 | 1,250 | 1,000 | 250 | വീട്ടുവാടകയിനത്തിലും PCA ഇനത്തിലുമുള്ള |

| | | | | | |
|---|---|---|---|---|---|
| ക്ലർക്ക് | | | | | തുകകൾ ഒഴിവാക്കിയാലും സ്ലാബിൽ മാറ്റം വരുന്നില്ല |
| സുനിത പി പി, ഓഫീസ് അറ്റൻ്റന്റ് | 1,06,811 | 1,000 | 750 | 250 | |
| | | ആകെ കുറവ് | | 500/- | |

കുറവ് വന്ന നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III. 2015-16 വർഷത്തേക്കുള്ള നികുതി അടവാക്കുന്നതിനായി താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും നികുതി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

1. കാടങ്കോട് ജമാ അത്ത് കോട്ടപ്പള്ളി ഇംഗ്ലീഷ് മീഡിയം സ്കൂൾ

2.മയിച്ച – കാര്യങ്കോട് കടവ് സൂപ്പർവൈസർ

3. നളന്ദ കോളേജ് , ചെറുവത്തൂർ

4. എച്ച് എ ടെക്സ്റ്റയിൽസ്, ചെറുവത്തൂർ

5. മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റ് , ചെറുവത്തൂർ

6.ക്ഷീരോൽപ്പാദന സഹകരണ സംഘം , വി വി നഗർ(രണ്ടാം അർദ്ധ വർഷം)

7. കൈരളി ഡ്രൈവിങ് സ്കൂൾ(രണ്ടാം അർദ്ധ വർഷം)

8. മാസ്സ് അറബിക് കോളേജ് , ചെറുവത്തൂർ (രണ്ടാം അർദ്ധ വർഷം)

മേൽ സ്ഥാപനങ്ങളിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/21.12.2016)

## 2-3 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക- വാർഷിക വർദ്ധന വരുത്തിയിട്ടില്ല.

വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തുടമസ്ഥതയിലുള്ള 60 കട മുറികൾ 2015-16 വർഷത്തേക്ക് വാടകയ്ക്കായി നൽകിയിട്ടുണ്ട്. എന്നാൽ 2014-15 വർഷത്തിൽ ഈടാക്കിയിരുന്ന വാടക തന്നെയാണ് 2015-16 വർഷത്തിലും ഈടാക്കിയിരിക്കുന്നത്. വാടക കെട്ടിട നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടും (ക്രമ നം.5) 2015-16 വർഷത്തേക്ക് വാടക പുതുക്കി നിശ്ചയിക്കാത്തതിനാൽ ഈയിനത്തിൽ നല്ലൊരു തുക വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ 2015-16 വർഷത്തിൽ സർക്കാറിലേക്ക് അടവാക്കേണ്ടുന്ന സർവ്വീസ് ടാക്സിനത്തിലുള്ള വർദ്ധനവ് ക്രമീകരിക്കുന്നതിനായി മാസ വാടക യിനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് വരേണ്ടുന്ന തുകയിൽ കുറവ് വരുത്തിയതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ 2014-15 വർഷത്തെ അപേക്ഷിച്ച് 2015-16 വർഷത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയ വാടക തുകയിൽ കുറവും സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ നിയമാവലി പ്രകാരമുള്ള വാർഷികവാടക വർദ്ധനവ് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 പാട്ടത്തിനു നൽകൽ- കുടിശ്ശിക ഈടാക്കിയില്ല.

ലീസ് റജിസ്റ്റർ പ്രകാരം പഞ്ചായത്തിനു പുറക് ഭാഗത്തുള്ള കെട്ടിടങ്ങളിലേക്കുള്ള വഴി പാട്ടത്തിനു നൽകിയതിന് 2,000/- രൂപ പ്രതിമാസ വാടക നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ കെട്ടിട ഉടമയായ ടി. വി. കൃഷ്ണൻ എന്നവർ 11,000/- രൂപ മാത്രമേ 2015-16 വർഷത്തേക്ക് അടവാക്കിയിട്ടുള്ളു (റ.നം. 11503102076 തീ.11.09.2015). കുടിശ്ശിക തുകയായ 13,000/- രൂപ എത്രയും പെട്ടെന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുട്ടക്കോഴി വിതരണം -അപാകതകൾ.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |

| | |
|---|---|
| പ്രോജക്ട് നം | 53/16 |
| അടങ്കൽ | ₹2,08,000/-(വികസന ഫണ്ട്-₹1,00,000/- ഗുണഭോക്തൃവിഹിതം ₹ 1,08,000/-) |
| ബിൽ നം. | 03/15-16/23.03.16 ₹60,480/- |

ഒരുയൂണിറ്റിൽ 10കോഴികൾ അടങ്ങുന്ന, 200 യൂണിറ്റ് കോഴികളെ, ഒരുയൂണിറ്റിന് ₹500/- സബ്സിഡിനിരക്കിൽ നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി M.Hassainar Haji Egger Nursery, Ubaida manzil,Paramba Thekkil P.O യിൽ നിന്ന് ₹90/- നിരക്കിൽ 1,344 കോഴികളെ 23.03.2016ൽ ₹1,20,960/- ക്ക് വാങ്ങിയതായി കാണുന്നു.

പദ്ധതിനടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. അംഗീകാരം ലഭിച്ച പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് നടപ്പാക്കിയിരിക്കുന്നു.പദ്ധതി നടത്തിയപ്പോൾ അംഗീകാരം ലഭിച്ച പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് 10 കോഴികൾ വീതമുള്ള യൂണിറ്റുകൾക്ക് പകരം 3കോഴികൾ വീതമുള്ള യൂണിറ്റുകളാണ് വിതരണം നടത്തിയിരിക്കുന്നു.

2.കോഴികളുടെ പ്രായം,വാക്സിനേഷൻ നടത്തിയതിനുള്ളരേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. സ്ഥാപനം നൽകിയിരിക്കുന്ന ബില്ല് പ്രകാരം 45-60 ദിവസം പ്രായമുള്ള കോഴികൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കോഴികളുടെ പ്രായം തെളിയിക്കുന്ന രേഖകളോ, വാക്സിനേഷൻ നടത്തിയതിന്റെ രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.വാറ്റ് അടയ്ക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് ₹17,540/- ന്റെ നഷ്ടം.മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 03.05.2014ലെ H1-12896/14/Farms ഉത്തരവ് പ്രകാരം 45 മുതൽ 60 ദിവസം വരെ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളുടെ വില ₹90 ഉം 14.5% വാറ്റും ഉൾപ്പെടെ ₹103.05 ആണ്. എന്നാൽ വാറ്റ് ഇനത്തിൽ ഒടുക്കേണ്ട തുക ഉൾപ്പെടുത്താത്ത ബിൽ പ്രകാരം ₹90/- നിരക്കിലാണ്. വാങ്ങൽ നടത്തിയിരിക്കുന്നത് . ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ ഇനത്തിൽ 1344x13.05= ₹17,539.92 ന്റെ നഷ്ടം സംഭവിച്ചിരിക്കുന്നു.

4.സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച രേഖ പരിശോധനക്ക് ഹാജരാക്കിയില്ല.പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച രേഖ പരിശോധനക്ക് ഹാജരാക്കിയില്ല.

5.അംഗീകാരം ലഭിച്ച പദ്ധതിയിലെ വകയിരുത്തലിന് ആനുപാതികമായല്ല വികസന ഫണ്ടിൽ നിന്നുള്ള യഥാർത്ഥ ചെലവ്.അധിക ചെലവ് ₹2,419/-.

അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം അടങ്കൽ തുക ₹2,08,000/- യും വികസനഫണ്ടിൽ നിന്ന് വകയിരുത്തിയിരുന്ന തുക ₹1,00,000/- ഉം ആണ്. ഇതുപ്രകാരം ആകെ ചെലവഴിക്കാവുന്ന തുകയുടെ (1,00,000x100/2,08,000=) 48% തുകമാത്രമാണ് വികസന ഫണ്ട് വകയിരുത്തൽ. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ ആകെ ചെലവ് തുക ₹ 1,20,800/- മാത്രം ആണ്. ആകെ ചെലവിന്റെ 48% മായ ₹58,060.8 അതായത് ₹58,061/- മാത്രമാണ് വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്നത്. എന്നാൽ 50% തുകയായ ₹60,480/-മേൽ ബില്ല് പ്രകാരം മാറി നൽകിയതിനാൽ (60,480-58,061)₹2,419/- വികസന ഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ചിരിക്കുന്നു.

6.വാങ്ങിയ കോഴികളെക്കാൾ അധികം വിതരണം നടത്തിയിരിക്കുന്നു.

448 ഗുണഭോക്താക്കളിൽ നിന്ന് മാത്രമാണ് 3 കോഴികൾ വീതമുള്ള യൂണിറ്റുകൾക്കായി ₹ 135/- വീതം ആകെ ₹6,480/-ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്തിരിക്കുന്നത്. എന്നാൽ കോഴികളെ കൈപ്പറ്റിയിരിക്കുന്നവരുടെ ലിസ്റ്റ് പ്രകാരം 525 പേർ 3കോഴികളെ വീതം ഒപ്പിട്ട് കൈപ്പറ്റിയിരിക്കുന്നു. ആയതിൽ നിന്ന് യഥാർത്ഥത്തിൽ കോഴികളെ കൈപ്പറ്റിയവർ ഒപ്പിട്ട രേഖയല്ല പരിശോധനക്ക് ഹാജരാക്കിയത് എന്ന് വ്യക്തമാകുന്നു.

7.സർക്കാർ ഹാച്ചറികളിൽ നിന്നും വാങ്ങി വളർത്തിയ കോഴികളെയാണ് വിതരണം നടത്തിയത് എന്നതിന് രേഖയില്ല.

സർക്കാർ ഹാച്ചറികളിൽ നിന്നും അംഗീകൃത നേഴ്സറികൾ വാങ്ങി വളർത്തുന്ന കോഴക്കുഞ്ഞുങ്ങളെയാണ് സർക്കാർ പദ്ധതികളിലൂടെ വിതരണം ചെയ്യേണ്ടത്. എന്നാൽ വിതരണ സ്ഥാപനം നൽകിയ കോഴികളെല്ലാം ഇത്തരത്തിൽ ഉള്ളവയാണ് എന്നതിനുള്ള രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ് .വാറ്റ് അടയ്ക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് ഉണ്ടായ നഷ്ടം ₹17,540/- ന്റെ നഷ്ടം അടയ്ക്കേണ്ടതാണ്. കൂടാതെ അംഗീകാരം ലഭിച്ച പദ്ധതിയിലെ വകയിരുത്തലിന് ആനുപാതികകമായി വികസന ഫണ്ടിൽ നിന്നും ചെലവ് ചെയ്യാത്തതിനാൽ ഉണ്ടായ നഷ്ടം ₹2,419/- നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പച്ചക്കറി കൃഷിവികസനം.പച്ചക്കറിവിത്തുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 25/16 |
| അടങ്കൽ | ₹1,00,050/-(വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം | 07/15-16/28.02.16 ₹50,000/- |

34 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിവികസനം നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പരിശീലനം,പച്ചക്കറി വിത്തിന്റെ കിറ്റുകൾ വാങ്ങി വിതരണം നടത്തൽ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. ആയതിൽ പച്ചക്കറി വിത്തിന്റെ കിറ്റുകൾ വാങ്ങി വിതരണം നടത്തുന്നതിനാണ് മേൽ ബില്ല് പ്രകാരമുള്ള തുക ചെലവ് ചെയ്തിരിക്കുന്നത്. ₹50,000/- ചെലവ് ചെയ്ത് ചെറുവത്തൂർ ജൈവ ഉത്പാദക വിപണന സംസ്കരണസംഘത്തിൽ നിന്ന് ₹50/-നിരക്കിൽ 1,000 പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വാങ്ങിയിരിക്കുന്നു. വിതരണ രജിസ്റ്ററിൽ 1,000 പേരുടെ വിവരങ്ങൾ എഴുതി ചേർത്തിട്ടുണ്ടെങ്കിലും 910 പേർമാത്രമാണ് പച്ചക്കറി വിത്തുകൾ ഒപ്പിട്ട് കൈപ്പറ്റിയിരിക്കുന്നത്. കൈപ്പറ്റാത്തവരുടെ ക്രമനമ്പരുകൾ താഴെ ചേർക്കുന്നു.

596,711,735,784,892-916,928-988.

കൂടാതെ ശരിയായ രീതിയുള്ള മോണിട്ടറിംഗ് നടത്തിയതിന്റേയോ ₹50,000/- ചെലവഴിച്ചിട്ട് ഉണ്ടായ നേട്ടങ്ങൾ സംബന്ധിച്ച വിവരമോ ഫയലിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല

വിതരണം ചെയ്യാത്ത 90 പച്ചക്കറി വിത്ത് കിറ്റുകളുടെ വിലയായ 50x90=₹4,500/- നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രോജക്ട് നം | 31/16 |
| അടങ്കൽ | ₹1,00,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ) |

| | |
|---|---|
| ബിൽ നം | 07/15-16/28.02.16 ₹1,00,000/- |

ജി.ഒ.(എം.എസ്) 362/13/തസ്വഭവ തീയതി 16.11.2013 ഖണ്ഡിക 7.4 പ്രകാരം അലോപ്പതി മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നാണ് വാങ്ങേണ്ടത്. ഈ സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രമാണ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ നിർദ്ദേശങ്ങൾ അനുസരിച്ച് മറ്റുസ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നത്. ഇതുപ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടികളിലൂടെയാണ് മറ്റുസ്ഥാപനങ്ങളിൽ നിന്ന് വാങ്ങൽ നടത്തേണ്ടത്. എന്നാൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കാതെ തൻവർഷം നേരിട്ട് സപ്ലൈകോ, നീതിസ്റ്റോർ എന്നിവിടങ്ങളിൽ നിന്നായി ₹1,00,000/- ന്റെ മരുന്നുകൾ നേരിട്ട് വാങ്ങിയിരിക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 നെൽകൃഷിവികസനം-അപാകതകൾ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം | 19/16 |
| അടങ്കൽ | ₹4,49,650/-(3,79,950/-വികസന ഫണ്ട് പൊതിവിഭാഗം,69,700/- ഗുണഭോക്തൃവിഹിതം) |
| ബിൽ നം | 02/15-16/25.01.16 ₹1,53,000/- |

85 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിക്കുന്നതിനായി നെൽവിത്ത് വിതരണത്തിനും ജൈവവളം വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണിത്. മേൽബില്ല് പ്രകാരമുള്ള തുക 5300 കി.ഗ്രാം. നെൽവിത്ത് സ്റ്റേറ്റ് സീഡ് ഫാം കാസറഗോഡ് നിന്നും വാങ്ങുന്നതിനായി മാറിയതാണ്. മേൽബില്ലിന്റെ ചെലവിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

<u>1.ബില്ല് പ്രകാരമുള്ള തുകയ്ക്ക് പൂർണ്ണമായി നെൽവിത്ത് വാങ്ങിയതിന്റെ രേഖയില്ല.</u>

സീഡ് ഫാമിന്റെ ഉത്പന്ന വിതരണ സ്റ്റേറ്റ്മെന്റ് നം 584/12 തീ.28.11.2015 പ്രകാരം ₹45,000/- ന് 1,500 കി.ഗ്രാം നെൽവിത്തും 580/12 തീ.31.10.2015 പ്രകാരം ₹ 62,100/- ന് 2,070 കി.ഗ്രാം നെൽ വിത്തും വാങ്ങിയിരിക്കുന്നു.എന്നാൽ അവശേഷിക്കുന്ന ₹45,900/- ക്ക് നെൽവിത്ത് വാങ്ങിയതിന്റെ ഉത്പന്ന വിതരണ സ്റ്റേറ്റ്മെന്റ് ഫയലിൽ ഇല്ല. പകരം മേൽതുകയ്ക്കുള്ള കമ്പ്യൂട്ടർ പ്രിന്റായ ഒരു ഇൻവോയ്സ് മാത്രമാണുള്ളത് .

<u>2.തുക കൈപ്പറ്റിയ രേഖയില്ല.</u>

സീഡ് ഫാം മേൽ ബില്ല് പ്രകാരമുള്ള ₹1,53,000/- കൈപ്പറ്റിയ രേഖ ഫയലിൽ ഇല്ല. ചെറുവത്തൂരിനു പകരം നീലേശ്വരം കൃഷിഭവൻ 14/03/2016ൽ ജില്ലാപഞ്ചായത്തിൽ അടച്ച തുകയുടെ രസീതാണ് ഉൾപ്പടുത്തിയിരിക്കുന്നത്.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.
മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ₹1,53,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വാർഡുകളിലെ ശുചിത്വപദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.170/16 – വാർഡ് ശുചിത്വം.

വൗച്ചർനം.21501295/31.03.2016 = 1,47,900/-രൂപ.

ചെക്ക് നം.134640/31.03.2016

ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി ശുചിത്വ പരിപാടി നടത്തിയതിന് ആകെ 1,47,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/പേര് | ചെലവഴിച്ച തുക | ചെലവഴിച്ച മാസം |
|---|---|---|---|
| 1 | വാർഡ്-2പതിക്കാൽ | 9,900/- | മാർച്ച് 2016 |
| 2 | വാർഡ്-3 കാരിയിൽ | 9,900/- | മാർച്ച് 2016 |
| 3 | വാർഡ് -4 മയ്യിച്ച | 9,900/- | മാർച്ച് 2016 |
| 4 | വാർഡ്-5 മുണ്ടക്കണ്ടം | 9,900/- | മാർച്ച് 2016 |
| 5 | വാർഡ്-6 കൊവ്വൽ | 9,900/- | മാർച്ച് 2016 |
| 6 | വാർഡ്-7 വി.വി.നഗർ | 9,900/- | മാർച്ച് 2016 |
| 7 | വാർഡ്-8 പൊൻമാലം | 9,600/- | മാർച്ച് 2016 |
| 8 | വാർഡ്-9 കുട്ടമത്ത് | 9,900/- | മാർച്ച് 2016 |
| 9 | വാർഡ്-10 ചെറുവത്തൂർ | 9,900/- | മാർച്ച് 2016 |
| 10 | വാർഡ്-11 വെങ്ങാട്ട് | 9,600/- | മാർച്ച് 2016 |
| 11 | വാർഡ്-12 കണ്ണങ്കൈ | 9,900/- | മാർച്ച് 2016 |
| 12 | വാർഡ്-13 കൈതക്കാട് | 9,900/- | മാർച്ച് 2016 |
| 13 | വാർഡ്-15 നെല്ലിക്കാൽ | 9,900/- | മാർച്ച് 2016 |
| 14 | വാർഡ്-16 തുരുത്തി | 9,900/- | മാർച്ച് 2016 |
| 15 | വാർഡ്-17 ഓർക്കുളം | 9,900/- | മാർച്ച് 2016 |
| | ആകെ | 1,47,900/- | |

ഈ ചെലവുമായി ബന്ധപ്പെട്ട് സമർപ്പിച്ച മസ്റ്റർ റോളുകളും, അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ്, വാല്വേഷൻ സർട്ടിഫിക്കറ്റ് എന്നിവയും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)സമർപ്പിച്ച മസ്റ്റർ റോളുകളിലൊന്നും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഭൂരിഭാഗം മസ്റ്റർ റോളുകളിലും മസ്റ്റർ റോൾ നമ്പർ, പ്രവൃത്തി നടന്ന കാലയളവ് എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഒരു മസ്റ്റർ റോളും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)വാർഡ് IV ലെ മസ്റ്റർ റോൾ പ്രകാരം ആകെ 11 പേർ 3 ദിവസം പ്രവൃത്തി ചെയ്തിട്ടുണ്ട്. മസ്റ്റർ റോൾ പ്രകാരം 27.03.2016 മുതൽ 29.03.2016 വരെയാണ് പ്രവൃത്തി നടന്നതായി കാണിച്ചിട്ടുള്ളത്. പക്ഷെ ഈ പ്രവൃത്തിയുടെ മൂല്യനിർണ്ണയം ഓവർസിയർ നടത്തിയിരിക്കുന്നത് 28.3.2016 ന് ആണ്. അതിനാൽ 29.3.2016 ന് 11 പേർക്ക് കൂലിയിനത്തിൽ നൽകിയ 3300/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3)വാർഡ് XI ലെ മസ്റ്റർ റോൾ പ്രകാരം ആകെ 13 പേർ 2 ദിവസവും, 2 പേർ 3 ദിവസവും പ്രവൃത്തി ചെയ്തിട്ടുണ്ട്. മസ്റ്റർ റോൾ പ്രകാരം 29.03.2016 മുതൽ 31.03.2016 വരെയാണ് പ്രവൃത്തി നടന്നതായി കാണിച്ചിട്ടുള്ളത്. പക്ഷെ ഈ പ്രവൃത്തിയുടെ മൂല്യനിർണ്ണയം ഓവർസിയർ നടത്തിയിരിക്കുന്നത് 30.03.2016 ന് ആണ്. അതിനാൽ 31.03.2016ന് 2പേർക്ക് കൂലിയിനത്തിൽ നൽകിയ 600/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം.12/20.12.2016 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടുണ്ട്. 23.12.2016 ന് മറുപടി നൽകിയത് ഇപ്രകാരമാണ്. "മസ്റ്റർ റോൾ ഇപ്പോൾ സാക്ഷ്യപ്പെടുത്തി പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടുണ്ട്, കൂടാതെ മൂല്യനിർണ്ണയം നടത്തിയ തിയ്യതി ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചതാണ്". മൂല്യനിർണ്ണയം നടത്തിയ തിയ്യതി മാറിയത് ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് എന്ന വാദം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം മൂല്യനിർണ്ണയം നടത്തിയത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നാണ്. അതിനാൽ ക്രമ നമ്പർ 2,3 എന്നിവ പ്രകാരം ഓഡിറ്റിൽ നിരാകരിച്ച ആകെ 3,900/-രൂപ നിർവ്വഹണം നടത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. മസ്റ്റർ റോൾ അടിസ്ഥാനമാക്കി വേതനം നൽകുമ്പോൾ അതിൽ പ്രവൃത്തി സംബന്ധമായ വിശദവിവരങ്ങൾ മുഴുവൻ രേഖപ്പെടുത്തേണ്ടതും മേൽനോട്ടം നടത്തുന്ന ഉദ്യോഗസ്ഥൻ മസ്റ്റർ റോൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-6 2014-15 വർഷത്തിൽ മഴക്കാല പൂർവ്വശുചീകരണം നടത്തിയതിന് തുക നൽകിയത് - അപാകത.

വൗച്ചർ നം.21500160/21.05.2015 – 9,900/-

2014-15 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ മഴക്കാല പൂർവ്വശുചീകരണം നടത്തിയതിന് 2015-16 വർഷത്തിൽ 9,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം.110215/21.05.15. ഈ ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സമർപ്പിച്ചിരിക്കുന്ന മസ്റ്റർ റോൾ പ്രകാരം 2014-15വർഷത്തിൽ 2014 മെയ് മാസം 21 തിയ്യതിയാണ് ഈ പ്രവൃത്തി നടന്നത്. മസ്റ്റർ റോൾ പ്രകാരം ചെലവഴിച്ച തുക നൽകിയത് 2015-16വർഷത്തിൽ ആണ്.

2) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയത് 2014-15 വർഷത്തിൽ ഭരണസമിതി തീരുമാനം നം.409/14(17), തിയ്യതി 17.10.2014 പ്രകാരവും, അസി.എഞ്ചിനിയർ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ചത് 2015-16 വർഷത്തിൽ ഭരണസമിതി തീരുമാനം നം.61(7)/15,തിയ്യതി 24.04.2015 പ്രകാരവുമാണ്. എന്നാൽ മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി നടന്നത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള തിയ്യതിയായ 21.05.2014ന് ആണ്.

ഈ അപാകതകൾക്ക് നം.01/16.12.2016 പ്രകാരം വിശദീകരണം ചോദിച്ചതിന് 23.12.2016 ന് മറുപടി നൽകിയത് ഇപ്രകാരമാണ്. "ഭരണസമിതി തീരുമാനം നം.409/14(17), തിയ്യതി 17.10.2014 പ്രകാരം മൂല്യനിർണ്ണയം നടത്താനാണ് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതെന്നും, അതനുസരിച്ച് മൂല്യനിർണ്ണയം നടത്തിയപ്പോൾ എസ്റ്റിമേറ്റ് കൂടി അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചതുമാണ്". ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം ഭരണസമിതി മിനിട്സിൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നു എന്ന് വ്യക്തമായി എഴുതിയിട്ടുണ്ട്, കൂടാതെ മെയ് 2015 ൽ കഴിഞ്ഞ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തേണ്ടത് ഒക്ടോബർ 2015 ൽ അല്ല. അതിനാൽ ഈ പ്രവൃത്തിക്കായി ചെലവഴിച്ച 9,900/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 മുൻകൂർ യാത്രാബത്ത നൽകിയത് ക്രമീകരിച്ചിട്ടില്ല.

വൗച്ചർ നം.21500716/23.11.2015 പ്രകാരം ശ്രീ.പ്രദീപൻ.വി, സീനിയർ ക്ലാർക്ക് എന്നവർക്ക് കില പരിശീലനത്തിന് പോകാൻ 500/- രൂപയും, വൗച്ചർ നം.21500904/16.1.2016 പ്രകാരം ശ്രീ.പ്രേമകുമാർ.കെ, അസി.സെക്രട്ടറി എന്നവർക്ക് കില പരിശീലനത്തിന് പോകാൻ 500/- രൂപയും മുൻകൂർ യാത്രാബത്ത നൽകിയിട്ടുണ്ട്. ഈ തുക ക്രമീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/20.12.2016 പ്രകാരം ഇതിന്

വിശദീകരണം ചോദിച്ചതിന് 22.12.2016 ന് മറുപടി നൽകിയിട്ടുണ്ട്. ശ്രീ.പ്രേമകുമാർ.കെ, അസി.സെക്രട്ടറി എന്നവർ 11603194791/22.12.2016 പ്രകാരം 500/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട് എന്നും ശ്രീ.പ്രദീപൻ.വി, സീനിയർ ക്ലാർക്ക് എന്നവർക്ക് തുക ഒടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുമാണ്. ശ്രീ.പ്രേമകുമാർ.കെ, അസി.സെക്രട്ടറി എന്നവർ 500/- രൂപ തിരികെ ഒടുക്കിയ രശീതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. അതിനാൽ ശ്രീ.പ്രദീപൻ.വി, സീനിയർ ക്ലാർക്ക് എന്നവരിൽ നിന്നും മുൻകൂർ കൈപ്പറ്റിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ മുറികളിലും, പുതിയ കോൺഫറൻസ് ഹാളിലും കർട്ടൻ സ്ഥാപിച്ചത് - അപാകതകൾ

1.വൗച്ചർ നം.21500962/28.01.2016 – 9,020/- രൂപ

പ്രസിഡന്റിന്റെ റൂം, പുതിയ കോൺഫറൻസ് ഹാൾ എന്നിവിടങ്ങളിൽ ജനൽ കർട്ടൻ, സൈഡ് കർട്ടൻ എന്നിവ സ്ഥാപിച്ചതിന് ആകെ 9,020/- രൂപ ചെലവഴിച്ചിട്ടുണ്ട്. റോയൽ സിറ്റി, ടെക്സ്റ്റൈൽസ് & കർട്ടൻസ് ചെറുവത്തൂർ, ബിൽ നം.2197/15.12.2015 പ്രകാരമാണ് തുക നൽകിയത്. ചെക്ക് നം.134224/28.01.2016.

2.(a)വൗച്ചർ നം.21500971/30.01.2016 – 3,800/- രൂപ

വൈസ് പ്രസിഡന്റിന്റെ റൂമിൽ കർട്ടൻ സ്ഥാപിച്ചതിന് ആകെ 3,800/- രൂപ ചെലവഴിച്ചിട്ടുണ്ട്.റോയൽ സിറ്റി, ടെക്സ്റ്റൈൽസ് & കർട്ടൻസ് ചെറുവത്തൂർ, ബിൽ നം.2195/dt.nil പ്രകാരമാണ് തുക നൽകിയത്.ചെക്ക് നം.134226/30.01.2016.

(b)വൗച്ചർ നം.21500972/30.01.2016 – 3,600/- രൂപ

പ്രസിഡന്റിന്റെ റൂമിൽ കർട്ടൻ സ്ഥാപിച്ചതിന് ആകെ 3,600/- രൂപ ചെലവഴിച്ചിട്ടുണ്ട്.റോയൽ സിറ്റി, ടെക്സ്റ്റൈൽസ് & കർട്ടൻസ് ചെറുവത്തൂർ, ബിൽ നം.2191/06.01.2016 പ്രകാരമാണ് തുക നൽകിയത്.ചെക്ക് നം.134226/30.01.2016.

(c)വൗച്ചർ നം.21500973/30.01.2016 – 3,600/- രൂപ

പുതിയ കോൺഫറൻസ് ഹാളിൽ കർട്ടൻ സ്ഥാപിച്ചതിന് ആകെ 3,600/- രൂപ ചെലവഴിച്ചിട്ടുണ്ട്.റോയൽ സിറ്റി, ടെക്സ്റ്റൈൽസ് & കർട്ടൻസ് ചെറുവത്തൂർ, ബിൽ നം.2197/dt.nil പ്രകാരമാണ് തുക നൽകിയത്.ചെക്ക് നം.134226/30.01.2016.

ഈ ചെലവ് ചെലവ് നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ക്രമ നം.1 പ്രകാരം യഥാക്രമം പ്രസിഡന്റിന്റെ റൂം, പുതിയ കോൺഫറൻസ് ഹാൾ എന്നിവിടങ്ങളിലാണ് കർട്ടൻ സ്ഥാപിച്ചത്, എന്നാൽ ക്രമ നം.2(b),(c) എന്നിവ പ്രകാരം യഥാക്രമം പ്രസിഡന്റിന്റെ റൂം, പുതിയ കോൺഫറൻസ് ഹാൾ എന്നിവിടങ്ങളിൽ വീണ്ടും കർട്ടൻ സ്ഥാപിച്ചതിന് തുക ചെലവഴിച്ചിരിക്കയാണ്.

2)കർട്ടൻ സ്ഥാപിച്ചത് ഭൗതിക പരിശോധന നടത്തിയപ്പോൾ പുതിയ കോൺഫറൻസ് ഹാളിൽ കർട്ടൻ സ്ഥാപിച്ചിട്ടില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

3)ഈ പ്രവൃത്തി ക്വട്ടേഷൻ ക്ഷണിക്കാതെയാണ് നടത്തിയത്. റോയൽ സിറ്റി, ടെക്സ്റ്റൈൽസ് & കർട്ടൻസ് ചെറുവത്തൂർ സമർപ്പിച്ച ബില്ലുകൾ ഭരണസമിതി തീരുമാനം നം.22/16(13)/21.01.2016 പ്രകാരം അംഗീകരിക്കുകയാണ് ചെയ്തത്.

ഈ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.10/20.12.2016 പ്രകാരം വിശദീകരണം ചോദിച്ചതിന് 23.12.2016 ന് മറുപടി നൽകിയിട്ടുണ്ട്.

ക്രമ നം.1 ലെ അപാകതക്ക് മറുപടി നൽകിയത് ഇപ്രകാരമാണ്, പ്രസിഡന്റിന്റെ റൂം മാറ്റി പുതിയ റൂം നൽകിയപ്പോൾ വീണ്ടും പ്രസിഡന്റിന്റെ പുതിയ റൂമിൽ കർട്ടൻ സ്ഥാപിച്ചു. പഴയ കർട്ടൻ സ്ഥാപിച്ച റൂമാണ്

വൈസ് പ്രസിഡന്റിന് നൽകിയത്, അവിടെ വീണ്ടും കർട്ടൻ സ്ഥാപിച്ചതിന് വൗച്ചർ നം.21500971/30.01.2016 3,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഴയ കർട്ടൻ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. അതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

കോൺഫറൻസ് ഹാളിലെ കർട്ടൻ മാറ്റിയിട്ടതാണ് എന്നാണ് ക്രമ നം.2 ലെ അപാകതക്ക് മറുപടി നൽകിയത്. മാറ്റിയിട്ട കർട്ടൻ പരിശോധനക്ക് ഹാജരാക്കാത്തതിനാലും, രണ്ട് തവണ കർട്ടൻ വാങ്ങിയതായി കാണിച്ചതിന് കൃത്യമായ മറുപടി നൽകാത്തതിനാലും മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ക്രമ നം.3 ലെ അപാകതക്ക് മറുപടി നൽകിയത് ഇപ്രകാരമാണ്, ഈ പ്രവർത്തികൾക്ക് യഥാസമയം ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെന്നും, ലഭിച്ച ക്വട്ടേഷനുകളിൽ റോയൽ സിറ്റി, ടെക്സ്റ്റൈൽസ് & കർട്ടൻസ് ചെറുവത്തൂർ സമർപ്പിച്ച 20,500/- രൂപയുടെ കുറഞ്ഞ തുകയുള്ള ക്വട്ടേഷൻ 21.01.2016 ലെ ഭരണസമിതിയോഗത്തിൽ ചർച്ച ചെയ്തതാണെന്നും മിനിട്സിൽ എഴുതാൻ വിട്ടുപോയതാണെന്നുമാണ്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം വൗച്ചർ നം.21500962/28.01.2016 – 9,020/- രൂപ, പ്രസിഡന്റിന്റെ റൂം, പുതിയ കോൺഫറൻസ് ഹാൾ എന്നിവിടങ്ങളിൽ ജനൽ കർട്ടൻ, സൈഡ് കർട്ടൻ എന്നിവ സ്ഥാപിച്ചതിന് ആകെ 9,020/- രൂപ ചെലവഴിച്ചതിന്റെ റോയൽ സിറ്റി, ടെക്സ്റ്റൈൽസ് & കർട്ടൻസ് ചെറുവത്തൂർ സമർപ്പിച്ച ബിൽ നം.2197 ലെ തിയ്യതി 15.12.2015 ആണ്. മറുപടി പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതായി കാണിക്കുന്ന ക്വട്ടേഷൻ നോട്ടീസ് ഓഡിറ്റിന് സമർപ്പിച്ചതിൽ തിയ്യതി 04.01.2016 ആണ്. അതിൽ നിന്നും ക്വട്ടേഷൻ നോട്ടീസും, ക്വട്ടേഷനുകളും കൃത്രിമമായി ഉണ്ടാക്കിയതാണെന്ന് വ്യക്തമാണ്.

ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലും, പ്രസിഡന്റിന്റെ പഴയ റൂമിൽ സ്ഥാപിച്ച കർട്ടനും, കോൺഫറൻസ് ഹാളിൽ രണ്ടു തവണയായി സ്ഥാപിച്ച കർട്ടനുകളും ഭൗതിക പരിശോധനയിൽ ഹാജരാക്കിയിട്ടില്ലാത്തതിനാലും, വൗച്ചർ നം.21500962/28.01.2016 പ്രകാരം ചെലവഴിച്ച 9,020/- രൂപ, വൗച്ചർ നം.21500973/30.01.2016 പ്രകാരം ചെലവഴിച്ച 3,600/- രൂപ എന്നിവ ചേർത്ത് ആകെ 12,620/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു, ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 മീഡിയാശ്രീ പദ്ധതി - ഡോക്യുമെന്ററി ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം | 88/16 |
| വൗച്ചർ നം | 21500356/20.07.2015 – 65,000/- |

ഗ്രാമപഞ്ചായത്തുകളുടെ ചരിത്രവും വർത്തമാനവും, പദ്ധതികളും, നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്ന മീഡിയാശ്രീ പദ്ധതിക്കായി മേൽവൗച്ചർ പ്രകാരം ആകെ 65,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ കുടുംബശ്രീയുടെ എക്സി.ഡയരക്ടറുടെ കെ.എസ്.കെ-6260/2014, തിയ്യതി. 21.03.2015 പ്രകാരം കാസറഗോഡ് ജില്ലാ കുടുംബശ്രീ മിഷൻ കോർഡിനേറ്റർക്കാണ് തുക കൈമാറിയിട്ടുള്ളത്. ഡിഡി നം.630423/15.07.2015.പക്ഷെ നാളിതുവരെയായി ഡോക്യുമെന്ററി തയ്യാറാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. ഡോക്യുമെന്ററി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.11/20.12.2016 പ്രകാരം ആവശ്യപ്പെട്ടതിന്, ഡോക്യുമെന്ററി എഡിറ്റിംഗ് ഘട്ടത്തിലാണെന്നും ഉടൻ തയ്യാറാകുമെന്നുമാണ് 23.12.2016 ന് നൽകിയ മറുപടി. അതിനാൽ ₹65,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പുതിയ കോൺഫറൻസ് ഹാളിലേക്ക് കസേരകൾ വാങ്ങിയത് -അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.109/16

വൗച്ചർ നം.21500693/17.11.2015 – 89,973/-

ഗ്രാമപഞ്ചായത്തിലെ പുതിയ കോൺഫറൻസ് ഹാളിലേക്ക് കസേരകൾ വാങ്ങുന്ന ഈ പദ്ധതി പ്രകാരം ആകെ 117 കസേരകൾ വാങ്ങിയിട്ടുണ്ട്. സയന്റിഫിക്ക് സൊല്യൂഷൻസ് ചിത്താരി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചുകൊണ്ടാണ് ബിൽ നം.10/17.07.2015 പ്രകാരം തുക നൽകിയത്. ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

(1) 2 ടെണ്ടറുകളാണ് ഈ പദ്ധതിക്ക് ലഭിച്ചത്, അതിൽ സയന്റിഫിക്ക് സൊല്യൂഷൻസ് ചിത്താരിയുടെ 769/- രൂപ വില വരുന്ന നീൽകമൽ മോഡൽ 2196 ആണ് അംഗീകരിച്ചത്. എന്നാൽ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് സമർപ്പിച്ച ടെണ്ടറിൽ നീൽകമൽ 2160,2071,2036 എന്നീ മോഡലുകൾക്ക് യഥാക്രമം 517/-രൂപ, 447/-രൂപ, 596/-രൂപ എന്നിങ്ങനെ കുറഞ്ഞ വിലയാണ് രേഖപ്പെടുത്തിയത്. ഈ ടെണ്ടറുകൾ തള്ളാൻ കാരണം എന്തെന്ന് വ്യക്തമാക്കിയിട്ടില്ല.

(2) 02.06.2015ന് ചേർന്ന പർച്ചേസ് കമ്മിറ്റിയുടെ മിനിട്സ് പരിശോധന നടത്തിയപ്പോൾ ഭരണസമിതി തീരുമാനം നം.81/15/തിയ്യതി. 27.6.2015 പ്രകാരം അംഗീകരിച്ച സയന്റിഫിക്ക് സൊല്യൂഷൻസ് ചിത്താരിയുടെ 3 മോഡലുകൾ പരിശോധിച്ചുവെന്നും കസേരയുടെ ഉറപ്പും ഈടും പരിശോധിച്ച് 2196 മോഡൽ വാങ്ങാൻ ശുപാർശ ചെയ്യുന്നു എന്നുമാണ് രേഖപ്പെടുത്തിയത്. 02.06.2015ന് ചേർന്നപർച്ചേസ് കമ്മിറ്റിയുടെ യോഗം എങ്ങനെ 27.06.2015ലെ ഭരണസമിതി തീരുമാനം അംഗീകരിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല.

(3)ഭൗതികപരിശോധന നടത്തിയപ്പോൾ 2,196 നീൽകമൽ മോഡൽ കസേരകളിൽ 87 എണ്ണം മാത്രമാണ് കണ്ടെത്തിയിട്ടുള്ളത്, ബാക്കി 30 കസേരകൾ എവിടെ എന്ന് വ്യക്തമാക്കിയിട്ടില്ല.

(4)തുക നൽകിയത് എങ്ങനെ എന്ന് വ്യക്തമാക്കിയിട്ടില്ല, കൈപ്പറ്റിയതിന്റെ രശീത് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/20.12.2016 പ്രകാരം ഈ 4 അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് 23.12.2016 ന് നൽകിയ മറുപടി ഇപ്രകാരമാണ്,

ക്രമ നം. 1ലെ അപാകത - 2196 നീൽകമൽ മോഡൽ ഉറപ്പുള്ളതാണെന്ന് പർച്ചേസിംഗ് കമ്മിറ്റിക്ക് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്, കൂടാതെ 2196 നീൽകമൽ മോഡലിന് KSIE രേഖപ്പെടുത്തിയ വില 810/-രൂപയാണ്. ഈ മറുപടി അംഗീകരിക്കുന്നില്ല, കാരണം KSIE യുടെ ടെണ്ടറിൽ 2196 നീൽകമൽ മോഡലിന്റെ വില പിന്നീട് പേന കൊണ്ട് എഴുതി ചേർത്തതാണ്.

ക്രമ നം. 2ലെ അപാകത – തിയ്യതി തെറ്റായി എഴുതിയതാണ്.

ക്രമ നം. 3ലെ അപാകത – മുഴുവൻ ചെയറുകളും എണ്ണി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തശേഷമാണ് തുക നൽകിയത്, അവ ഗ്രാമ പഞ്ചായത്ത് ഓഫീസ്, കോൺഫറൻസ് ഹാൾ, MLA യുടെ ഓഫീസ് എന്നിവിടങ്ങളിൽ ഉപയോഗിക്കുന്നു. ഈ മറുപടി അംഗീകരിക്കുന്നില്ല, കാരണം ഈ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാം ഭൗതിക പരിശോധന നടത്തിയിട്ട് 2196 നീൽകമൽ മോഡൽ ചെയറുകൾ ആകെ 87 എണ്ണം മാത്രമെ കണ്ടെത്തിയിട്ടുള്ളൂ.

ക്രമ നം. 4ലെ അപാകത – ഡ്യൂപ്ലിക്കേറ്റ് രശീതി ഹാജരാക്കുന്നതാണ്.

അപാകതകൾക്ക് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലും, ഭൗതിക പരിശോധനയിൽ 30 ചെയറുകൾ കണ്ടെത്താത്തതിനാലും ഈ പദ്ധതിക്ക് ചെലവഴിച്ച ആകെ 89,973/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 <u>പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണിച്ചർ, ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങൽ.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.9/16

വൗച്ചർ നം.21501246/19.03.2016 – 81,489/-രൂപ.

ഈ പദ്ധതി പ്രകാരം ചാനൽ കോപ്പിയർസ് & സർവ്വീസസ്, പയ്യന്നൂരിൽ നിന്നും 45,000/- രൂപ ചെലവഴിച്ച്

ഫോട്ടോ കോപ്പിയർ മെഷീനും(ഡിഡി നം.611876/13.04.16), KADCO യിൽ നിന്നും 36,489/- രൂപ ചെലവഴിച്ച് 4 സ്റ്റീൽ അലമാരകളും വാങ്ങിയിട്ടുണ്ട്(ഡിഡി നം.611877/13.04.16).ഈ പദ്ധതിയിൽ ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകത ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

45,000/- രൂപ ചെലവഴിച്ച് ചാനൽ കോപ്പിയർസ് & സർവ്വീസസ്, പയ്യന്നൂരിന്റെ ഇൻവോയ്സ് നം.828/17.03.2016 പ്രകാരം kyocera കമ്പനിയുടെ TASKalfa 1800എന്ന മോഡൽ ഫോട്ടോകോപ്പിയർ മെഷീൻ ആണ് വാങ്ങിയത്. ടെണ്ടർ കൂടാതെ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിലാണ് ഈ മോഡൽ വാങ്ങിയത് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയത്. ഇതിന് ആധാരമായി ചാനൽ കോപ്പിയർസ് & സർവ്വീസസ്, പയ്യന്നൂർ സമർപ്പിച്ച കത്തിന്റെ പകർപ്പ് പ്രകാരം Director General of Supplies & Disposal, Kyocera കമ്പനിയുമായി ഏർപ്പെട്ട കരാർ 31.03.2016വരെ നീട്ടി എന്നാണ് സൂചിപ്പിക്കുന്നത്. ഈ കരാറിന്റെ വിശദവിവരങ്ങൾ ഓൺലൈനിൽ പരിശോധന നടത്തിയപ്പോൾ Rate contract no.DCMOM-EB/IT-3/RC-DIOQ 0000/0116/83/OA614/2129/Dt.27.03.2015 പ്രകാരം ഈ കമ്പനിയുടെ രണ്ട് മോഡലുകൾക്ക് മാത്രമെ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയുള്ളൂ, TASK alfa-5501i,- Rs.3,10,138/-, TASK alfa-3051 ci -Rs.2,91,593/- ഗ്രാമപഞ്ചായത്ത് വാങ്ങിയ TASKalfa 1800എന്ന മോഡലിന് റേറ്റ് കോൺട്രാക്ട് ഇല്ല. റേറ്റ് കോൺട്രാക്ട് ഇല്ലാത്ത മെഷീൻ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയതിന് ഓഡിറ്റ് എൻക്വയറി നം.11/20.12.2016 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് 23.12.2016 ന് നൽകിയ മറുപടി ഇപ്രകാരമാണ്, റേറ്റ് കോൺട്രാക്ട് സംബന്ധമായ രേഖ സ്ഥാപനം സമർപ്പിച്ചിട്ടുണ്ടെന്നും അത് നഷ്ടപ്പെട്ടുവെന്നും ആയതിന്റെ പകർപ്പ് സ്ഥാപനത്തോട് ആവശ്യപ്പെട്ട് പരിശോധനക്ക് ഹാജരാക്കും എന്നുമാണ്. റേറ്റ് കോൺട്രാക്ട് സംബന്ധമായ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 45,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-12 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

I. പ്രോജക്റ്റ് നം: 32/2015-16 NPRPD വിഹിതം നൽകൽ

വകയിരുത്തൽ : ധനകാര്യ കമ്മീഷൻ അവാർഡ് ₹ 1,00,000/-

ബിൽ നം: 18/2015-16തീ.31.03.2016 ₹ 1,00,000/-

മേൽ ബിൽ നം പ്രകാരം ₹ 1,00,000/- പിൻവലിച്ച് NPRPD വിഹിതമായി കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.(DD. No.611012/31.03.2016). എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

III. ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ കിലോയ്ക്ക് 2.75 രൂപ നൽകി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ വിധ ഭക്ഷണ സാധനങ്ങളും എത്തിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആയതു പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

IV. 2015-16 വർഷത്തിൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

V. നാലു സെന്ററുകൾക്ക് സ്വന്തമായി കെട്ടിടമില്ലെന്നും ഒരു സെന്ററിന് വൈദ്യുതി ഇല്ലെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട് . ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 01/16.12.2016)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| TSC | 11,16,000 | കക്കൂസ് നിർമ്മാണം. 17/15 | 7,80,000 | 3,36,000 |
| | 54,000 | 84/15 | 54,000 | - |
| ജില്ലാ പഞ്ചായത്ത് | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,50,000 | - |
| | 1,00,000 | പെയിൻ &പാലിയേറ്റീവ് | 1,00,000 | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| വൈദ്യുതിബോർഡ്. | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | ഡിഡി നം. 611274/02.04.16 | 1,41,521 | പ്രവൃത്തി പൂർത്തിയായിട്ടില്ല | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് - മുതൽ | തൻവർഷം അടച്ചത് - പലിശ | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| 1 | EMS ഭവന പദ്ധതി | സ.ഉ(സാധാ) നം. 277/200 /LSGD/Dt.24.03.10 | 72,03,000 | 36,01,500 | 15,85,476 | - | 20,16,024 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

| ക്രമ നം. | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി | വാർഷിക കണക്ക് ഓഡിറ്റിന് | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് | ചാർട്ടേഡ് അക്കൗണ്ടന്റ് | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | രൂപീകരിച്ച വർഷം | സമർപ്പിച്ചതിന്റെ വിവരം | | | പുറപ്പെടുവിച്ച വിവരം | ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | |
|---|---|---|---|---|---|---|---|---|
| | | | വർഷം | തിയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം, തുരുത്തി | 2007 | 2007-08 to 2014-15 | 12.10.2015 | 15.03.16 to 16.03.16 | KSA.KSD4/ 422/16, Dt.19.04.16 | - | - |
| 2 | സർക്കാർ ആയുർവ്വേദ ഡിസ്പൻസരി, ചെറുവത്തൂർ | 2007 | 2013-14 to 2014-15 | | 26.03.2016 | KSA.KSD4/ 581/16 /Dt.09.06.16 | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,19,89,365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,27,09,020 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,050 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33,339 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,52,973 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(1) | 300 | | കെ.മോഹൻദാസ്, സെക്രട്ടറി-150/-രൂപ കെ.പ്രേമകുമാർ, അസി.സെക്രട്ടറി -150/-രൂപ |
| 2-2(ii)a | 2,250 | | കെ.മോഹൻദാസ്, സെക്രട്ടറി |
| 2-2(ii)b | 500 | | കെ.പ്രേമകുമാർ, അസി.സെക്രട്ടറി |
| 3-1 | | 2,419 | ആശ.പി. വെറ്റിനറി സർജ്ജൻ |

| | | | |
|---|---|---|---|
| 3-2 | | 4,500 | ജലേശൻ.പി.വി.<br>കൃഷി ഓഫീസർ |
| 3-5 | | 3,900 | കെ.പ്രേമകുമാർ, അസി.സെക്രട്ടറി |
| 3-6 | | 9,900 | കെ.പ്രേമകുമാർ, അസി.സെക്രട്ടറി |
| 3-8 | | 12,620 | കെ.പ്രേമകുമാർ, അസി.സെക്രട്ടറി |
| ആകെ | 3,050 | 33,339 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,53,000 | ജലേശൻ.പി.വി,<br>കൃഷി ഓഫീസർ |
| 3-9 | 65,000 | കെ.മോഹൻദാസ്,<br>സെക്രട്ടറി |
| 3-10 | 89,973 | കെ.മോഹൻദാസ്,<br>സെക്രട്ടറി |
| 3-11 | 45,000 | കെ.പ്രേമകുമാർ, അസി.സെക്രട്ടറി |
| ആകെ | 3,52,973 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 17,540 (കേരള സർക്കാരിനുണ്ടായ നഷ്ടം) | ആശ.പി, വെറ്റിനറി സർജ്ജൻ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.മോഹൻദാസ്,<br>സെക്രട്ടറി | സെക്രട്ടറി റിട്ടയേർഡ് | 'ദാസ് കോട്ടേജ്''<br>അലാമിപ്പള്ളി,കാഞ്ഞങ്ങാട്, |

| | | |
|---|---|---|
| | | കാസറഗോഡ്ജില്ല. 671315 |
| കെ.പ്രേമകുമാർ, അസി.സെക്രട്ടറി | സെക്രട്ടറി, കുംബഡാജെ ഗ്രാമപഞ്ചായത്ത് | 'അക്ഷയശ്രീ', നിയർ ഖാദി സെന്റർ, കായപ്പൊയിൽ, കക്കര(പി.ഒ) എം.എം.ബസാർ(വഴി), കണ്ണൂർ ജില്ല, 670306 |
| ജലേശൻ.പി.വി. കൃഷി ഓഫീസർ | കൃഷി ഓഫീസർ- | തീർത്ഥം, വെള്ളൂർ പി. ഒ, കരിവെള്ളൂർ |
| ആശ.പി, വെറ്ററിനറി സർജ്ജൻ | വെറ്റിനറി സർജൻ കയ്യൂർ | കല്ലേത്ത് വീട്, ഇയ്യാക്കൽ, ഉദിന്നൂർ പി.ഒ, |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 മുതൽ 1988-89 വരെ | എൽ.എഫ്.കെ.എസ്.ഡി7/135/93 തീ.24.05.1993 | 19 |
| 1989-90 മുതൽ 1991-92വരെ | എൽ.എഫ്.കെ.എസ്.ഡി.5/596/99 തീ.27.01.2001 | 10 |
| 1989-90മുതൽ 1995-96വരെ | എൽ.എഫ്.കെ.എസ്.ഡി.2/562/96 തീ.04.01.1997 (ജെ.ആർ.വൈ) | - |
| 1992-93മുതൽ 1995-96 വരെ | എൽ.എഫ്.കെ.എസ്.ഡി.4/4/06 തീ. 21.06.2007 | 6 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 7 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 6 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 10 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 12 |
| 2000-01 (ഫൈനൽ) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.3/230/11 | 7 |

| | | |
|---|---|---|
| (പദ്ധതി) | തീ.25.01.2011 | |
| 2001-2002 (ഫൈനൽ) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2001-2002 (പദ്ധതി) | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 1 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/230/11 തീ.25.01.2011 | 4 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.3/125/10 തീ.03.05.2011 | 14 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.3/126/10 തീ.03.05.2011 | 15 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.4/838/12 തീ.02.12.12 | 11 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/476/12 തീ.09.08.12 | 9 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/890/12 തീ.28.01.13 | 14 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.7/565/13 തീ.25.07.13 | 20 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി.7/567/13 തീ.26.07.13 | 16 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി.8/645/14 തീ.03.12.14 | 25 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി.7/1045/13 തീ.16.08.2014 | 15 |
| 2012-13 2013-14 | എൽ.എഫ്.കെ.എസ്.ഡി.8/648 /15,തി.13.7.2015 | 19 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.9/1035 /15,തി.26.10.2015 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കാസർഗോഡ് ജില്ലാ കാര്യാലയം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-9/69/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ്.

E-mail:- doksd.ksad@kerala.gov.in

തീയതി. 28.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

No. KSA-KSD9/69/2017

Kerala State Audit Department

District Audit Office,Kasaragod – 671123

E-mail:- doksd.ksad@kerala.gov.in

Dated: 28.01.2017

AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Cheruvathur Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Cheruvathur Grama Panchayat for the year 2015-16, except the observations in Para No. 1-(3) of my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod